**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**
**ബഹു സ്പീക്കറുടെ റൂളിംഗ്**

**12-06-2019**

**ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കാത്തത് സംബന്ധിച്ച്**

മി. സ്പീക്കർ: റൂൾ 50 എടുക്കുന്നതിനുമുമ്പ് ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്താൻ ചെയർ ആഗ്രഹിക്കുകയാണ്.

നിയമസഭ കാലാകാലങ്ങളിൽ പാസ്സാക്കുന്ന നിയമങ്ങളിലെ ഏൽപ്പിച്ച് കൊടുത്ത നിയമ നിർമ്മാണാധികാരം (delegated legislation) വിനിയോഗിച്ചുകൊണ്ട് സർക്കാർ യഥാസമയം ചട്ടങ്ങൾ പുറപ്പെടുവിക്കുന്നില്ലെന്ന പരാതി കഴിഞ്ഞ കാലങ്ങളിൽ വ്യത്യസ്ത സന്ദർഭങ്ങളിൽ വ്യത്യസ്ത രൂപത്തിൽ നമ്മുടെ സഭാതലത്തിൽ ഉയർന്നുവന്നിട്ടുണ്ട്. പതിനാലാം നിയമസഭയിൽമാത്രം, സമയബന്ധിതമായി ചട്ടങ്ങൾ പുറപ്പെടുവിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളും ശക്തമായ റൂളിംഗും ചെയർ നൽകുകയും ചെയ്തിട്ടുണ്ട്.

നിയമസഭാ നടപടിചട്ടം 238-ന്റെ (2)-ാം ഉപചട്ടപ്രകാരം, നിയമസഭ പാസ്സാക്കിയ ഒരു നിയമം വിജ്ഞാപനം ചെയ്തുകഴിഞ്ഞാൽ തൊണ്ണൂറു ദിവസങ്ങൾക്കകം അതിൻപ്രകാരമുള്ള കരട് ചട്ടങ്ങൾ തയ്യാറാക്കി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്. അപ്രകാരം സബ്ജക്ട് കമ്മിറ്റികൾക്ക് ലഭിക്കുന്ന കരട് ചട്ടങ്ങൾ അടുത്ത 90 ദിവസങ്ങൾക്കകം കമ്മിറ്റികൾ സൂക്ഷ്മ പരിശോധന നടത്തേണ്ടതുമാണ്. അതായത് സഭ പാസ്സാക്കുന്ന ഒരു നിയമം എത്രയും വേഗം അതിന്റെ പൂർണ്ണ അർത്ഥത്തിൽ പ്രാബല്യത്തിൽ വന്നിരിക്കണമെന്ന ലക്ഷ്യമാണ് ഈ നിർദ്ദേശത്തിന്റെ ഉള്ളടക്കം.

ഇപ്രകാരം വ്യക്തമായ ഒരു ചട്ടം നിയമസഭാ ചട്ടങ്ങളിൽ നിലനിൽക്കുമ്പോൾതന്നെ നമ്മുടെ സഭ പാസ്സാക്കിയ വ്യത്യസ്തങ്ങളായ 27 നിയമങ്ങൾ അനുസരിച്ചുള്ള ചട്ടങ്ങളുടെ കരട് നാളിതുവരെ നിർമ്മിക്കുകയോ അവ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷ്മ പരിശോധനയ്ക്കായി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല എന്ന കാര്യം അതീവ

ഗൗരവമാണ്. യഥാസമയം ചട്ടം നിർമ്മിക്കാതിരിക്കുന്നതിനെതിരെ ചില പ്രത്യേക സന്ദർഭങ്ങളിൽ ഈ നിയമസഭയിൽത്തന്നെ ശക്തമായ റൂളിംഗ് ചെയറിൽനിന്നും ഉണ്ടായിട്ടുണ്ടെങ്കിലും ആഗ്രഹിച്ചത്ര വേഗത ഉണ്ടാകുന്നില്ല.

നിയമസഭാ നടപടിചട്ടം 238 പ്രകാരം സർക്കാർ പുറപ്പെടുവിക്കേണ്ട ചട്ടങ്ങളുടെ സൂക്ഷ്മ പരിശോധന സബ്ജക്ട് കമ്മിറ്റികളുടെ കർത്തവ്യമാണെന്നതുപോലെതന്നെ അവ യഥാസമയം തയ്യാറാക്കി പരിശോധനയ്ക്കായി ലഭ്യമാക്കുന്നുണ്ടോ എന്ന കാര്യവും കൃത്യതയോടെ പരിശോധിക്കേണ്ട ഉത്തരവാദിത്വവും അതത് സബ്ജക്ട് കമ്മിറ്റികൾ തന്നെ നിർവ്വഹിക്കേണ്ടതുണ്ട്.

എട്ടും ഒൻപതും വർഷങ്ങൾക്കുമുമ്പ് നിയമസഭ പാസ്സാക്കിയ നിയമങ്ങൾ അനുസരിച്ച് പുറപ്പെടുവിക്കേണ്ട ചട്ടങ്ങൾപോലും പുറപ്പെടുവിക്കുന്നതിൽ അക്ഷന്തവ്യമായ കാലവിളംബത്തിനു കാരണക്കാരായ വകുപ്പുതല ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്തുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരെന്ന

കണ്ടെത്തുന്നവർക്കെതിരെ മാതൃകാപരമായ അച്ചടക്ക നടപടി ശിപാർശ ചെയ്യുന്നതിനും സബ്ജക്റ്റ് കമ്മിറ്റികൾ തയ്യാറാകേണ്ടതുണ്ട്.

"സബ്ജക്റ്റ് കമ്മിറ്റികൾ" എന്ന അനന്യമായ ആശയം, കേരളം ഇന്ത്യൻ പാർലമെന്ററി ജനാധിപത്യത്തിന് നൽകിയ ഉദാത്തമായ സംഭാവനയാണ്. നിയമസഭയുടെ അധികാരങ്ങൾ ഡെലിഗേറ്റ് ചെയ്ത് രൂപീകരിക്കപ്പെട്ട സബ്ജക്റ്റ് കമ്മിറ്റികൾ ബന്ധപ്പെട്ട അധികാരം വിനിയോഗിക്കുകതന്നെ വേണം. ഒരു നിയമം രൂപപ്പെടുന്നത് ശൂന്യതയിൽ നിന്നല്ല. ജനങ്ങളുടെ അഭിലാഷത്തിൽനിന്നും സാഹചര്യങ്ങളുടെ ആവശ്യകതയിൽനിന്നുമാണ്. അത് ജനങ്ങളുടെ ചിന്തയുടെയും വികാരങ്ങളുടെയും ഉൽപ്പന്നങ്ങൾ കൂടിയാണ്. നിയമനിർമ്മാണ സഭകൾ ഗൗരവത്തോടുകൂടി സൃഷ്ടിച്ചെടുക്കുന്ന നിയമങ്ങളുടെ പരിരക്ഷയും പിന്തുണയും ജനങ്ങൾക്ക് ലഭ്യമാകാതെ പോകുന്നത് ജനതാൽപ്പര്യത്തോടുള്ള കടുത്ത നിഷേധാത്മക സമീപനമായിട്ടേ കാണാനാകൂ. ഇക്കാര്യത്തിൽ ഒരു വ്യക്തത വരുത്താൻ ചെയർ ചില നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

I. സബ്ക്റ്റ് കമ്മിറ്റി തലത്തിൽ, ചട്ടം 238 പ്രകാരമുള്ള ചട്ടങ്ങളുടെ സൂക്ഷ്മ പരിശോധന കൃത്യമായി നടക്കുന്നു എന്നും നിലവിൽ കുടിശ്ശികയായി അവശേഷിക്കുന്നവ സമയബന്ധിതമായി പൂർത്തീകരിക്കുന്നു എന്നും ഉറപ്പാക്കാൻ കഴിയണം.

II. നിയമസഭയുടെ നടപ്പുസമ്മേളനം അവസാനിച്ചു കഴിഞ്ഞാലുടൻ ബന്ധപ്പെട്ട എല്ലാ സബ്ജക്റ്റ് കമ്മിറ്റികളും പ്രത്യേക അജണ്ട വച്ചുകൊണ്ട് തെളിവെടുപ്പു യോഗങ്ങൾ ചേരേണ്ടതും കുടിശ്ശികയായിട്ടുള്ള ചട്ടങ്ങളുടെ നിർമ്മാണവും അവയുടെ പരിഗണനയും സംബന്ധിച്ച കാര്യങ്ങൾ സമയബന്ധിതമായി ആവിഷ്കരിച്ചു നടപ്പാക്കേണ്ടതുമാണ്.

III. എല്ലാ സർക്കാർ വകുപ്പുകളും തങ്ങളുടെ വകുപ്പുമായി ബന്ധപ്പെട്ട് കുടിശ്ശിക ആയിട്ടുള്ള ചട്ടങ്ങളുടെ നിർമ്മാണം സംബന്ധിച്ചുള്ള ജോലികൾ രണ്ടുമാസത്തിനകം പൂർത്തീകരിക്കുന്നു എന്ന് ചീഫ് സെക്രട്ടറി തലത്തിൽ ഉറപ്പുവരുത്തേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന കരട് ചട്ടങ്ങൾ ബന്ധപ്പെട്ട

സബ്ജക്ട് കമ്മിറ്റികൾക്ക് സൂക്ഷ്മ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതുമാണ്. സബ്ജക്ട് കമ്മിറ്റികളുടെ പരിശോധനയ്ക്കായി ലഭിക്കുന്ന കരട് ചട്ടങ്ങൾ ബന്ധപ്പെട്ട കമ്മിറ്റികൾ സമയബന്ധിതമായി പരിശോധിക്കുകയും അതുസംബന്ധിച്ച റിപ്പോർട്ട് സഭയുടെ അടുത്ത സമ്മേളനത്തിനു മുമ്പായി സർക്കാരിന് സർപ്പിക്കേണ്ടതുമാണ്.

IV. ഇക്കാര്യത്തിലുള്ള എല്ലാ കുടിശ്ശിക ജോലികളും പൂർത്തീകരിച്ചതു സംബന്ധിച്ച് നിയമസഭയുടെ അടുത്ത സമ്മേളനത്തിന്റെ പ്രാരംഭത്തിൽ എല്ലാ സബ്ജക്ട് കമ്മിറ്റികളുടെയും അദ്ധ്യക്ഷന്മാരും സഭയിൽ ഒരു സ്റ്റേറ്റ്മെന്റ് നടത്തേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു.

**നിയമസഭയുടെ collective wisdom-ന്റെ ഭാഗമായി കൈക്കൊള്ളുന്ന ഈ തീരുമാനം ഏതെങ്കിലും സാഹചര്യത്തിൽ നടപ്പാക്കാതിരിക്കുന്നത് സഭയോടുള്ള അനാദരവായി കണക്കാക്കുന്നതും അതിൻപ്രകാരമുള്ള തുടർ നടപടി സ്വീകരിക്കുന്നതാണെന്നും ചെയർ റൂൾ ചെയ്യുന്നു.**